**File No.TCPCTP/2125/2019-D3**

**മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല - തൊളിക്കോട് ഗ്രാമപഞ്ചായത്ത് തൊളിക്കോട് വില്ലേജ് പെട്രോൾ പമ്പ് നിർമ്മാണത്തിന് ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തൊളിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/07/2019 ലെ എ 3-3922/18 നമ്പർ കത്ത്.

2. തിരുവനന്തപുരം ടൗൺ പ്ലാനറുടെ 26/8/2019, 17/10/2019,15/11/19 ലെ TCPTVM/1232/19-D നമ്പർകത്തുകൾ.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2125/19-D3 തീയതി:**04/12/2019**

---

തിരുവനന്തപുരം ജില്ലയിലെ തൊളിക്കോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള തൊളിക്കോട് വില്ലേജിൽ സർവ്വേ നമ്പർ 1550/2-ൽ ഉൾപ്പെട്ട 12.15 ആർ സ്ഥലത്ത് sales building (39 ച.മീ), Canopy (221 ച.മീ) ഉൾപ്പെടെ 260 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി. നസ്സീമ സിറാജുദ്ദീൻ, ഉഷസ്, റ്റി.സി/11/640, നന്തൻകോട്, കവടിയാർ, തിരുവനന്തപുരം ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ- ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. നിർമ്മാണം കെ.പി.ബി.ആർ 2011 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കണം.
2. വസ്തു സംബന്ധമായ രേഖകൾ പരിശോധിച്ച് ഉടമസ്ഥത, സർവ്വേ നമ്പർ, അതിർത്തി അളവുകൾ, സ്ഥല വിസ്തൃതി എന്നിവ ശരിയാണെന്നും, നിലം, പുറമ്പോക്ക് ഭൂമി എന്നിവ ഉൾപ്പെട്ടിട്ടില്ലായെന്നും പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. District Collector, Pollution Control Board, Fire and Rescue Service എന്നിവരിൽ നിന്നുള്ള NOC യും , ചട്ടം 61(5) പ്രകാരം water Authority യിൽ നിന്നും ആവശ്യമുള്ള പക്ഷം NOC യും ലഭ്യമാക്കേണ്ടതാണ്.
4. പ്ലാനിൽ നൽകിയിട്ടുള്ള പ്രകാരം വസ്തുവിന്റെ അതിർത്തി ശരിയാണെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

5. കനോപ്പിക്ക് റോഡിൽ നിന്നും ചട്ടം 61 (12) പ്രകാരം നൽകേണ്ടതായ 3 മീറ്റർ അകലം നൽകേണ്ടതാണ്.
6. KPBR 2011 61 (10) പ്രകാരം പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാനവും നിർമ്മാണവും 1976 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുശാസിക്കും പ്രകാരമായിരിക്കേണ്ടതാണ്.
7. KPBR 2011 61 (16), 61 (17) പ്രകാരം In-site liquid waste management treatment plant, മലിനജലത്തിന്റെ ശുദ്ധീകരണം വഴിയുള്ള പുനരുപയോഗത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ പ്ലാനിൽ കാണിച്ചിട്ടുള്ളത് സജ്ജീകരിച്ചിട്ടുണ്ടെന്നും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ :153/2019</u> ഇതോടൊപ്പം അയക്കുന്നു.**

ഉത്തരവിൻ പ്രകാരം

ജയശ്രീ.പി.ആർ
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

സെക്രട്ടറി, തൊളിക്കോട് ഗ്രാമപഞ്ചായത്ത്

പകർപ്പ്:-

1. ശ്രീമതി. നസ്സീമ സിറാജ്ജുദീൻ, ഉഷസ്, റ്റി.സി/11/640, നന്തൻകോട്, കവടിയാർ, തിരുവനന്തപുരം
2. ടൗൺ പ്ലാനർ, തിരുവനന്തപുരം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം

S10228